# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 574

## (05.06.2018 ലെ മറുപടിക്ക്)

**മലയിൻകീഴ് ട്രഷറി**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.ഐ.ബി. സതീഷ്**<br>**(ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴ് ട്രഷറിക്കായി പുതിയ കെട്ടിടം നിർമിക്കുന്നതിന് GO(Rt) No. 8959/2016/Fin പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി മലയിൻകീഴ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതി ആവശ്യമാണ്. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം നിർമ്മാണ ഏജൻസി പ്രസ്തുത ട്രഷറിയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിന്റെ PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പ്രസ്തുത ഡി.പി.ആർ ജൂൺ 30 ന് മുമ്പ് സമർപ്പിക്കാമെന്ന് നിർമ്മാണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (ബി) | തുടർ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് DPR നിർവ്വഹണ ഏജൻസി ലഭ്യമാക്കാത്തതാണ് സാങ്കേതികാനുമതി വൈകുന്നതിനുള്ള കാരണം. |
| (സി) | അടിയന്തര പ്രധാന്യത്തോടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരമുള്ള DPR സമർപ്പിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ